കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone: Office: 0487-2332134, 2332548
Mob: 7736922245, 9447092134 (Whatsapp)
Secretary: 0487-2327427
e-mail: ksnakademi@gmail.com
Website: www.keralasangeethanatakaakademi.in

**കേരള സംഗീത നാടക അക്കാദമി സംസ്ഥാന പ്രൊഫഷണൽ നാടക മത്സരം – 2023 – 10 നാടകങ്ങൾ തെരഞ്ഞെടുത്തു.**

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന 2023 ലെ സംസ്ഥാന പ്രൊഫഷണൽ നാടകമത്സരത്തിലേക്ക് 10 നാടകങ്ങൾ തെരഞ്ഞെടുത്തു. വള്ളുവനാട് നാദം കമ്മ്യൂണിക്കേഷൻസിന്റെ ഊഴം. അക്ഷരകല തിരുവനന്തപുരത്തിന്റെ കുചേലൻ, ദേവാ കമ്മ്യൂണിക്കേഷൻസിന്റെ ചന്ദ്രികാവസന്തം, ഗാന്ധി ഭവൻ തീയേറ്റർ ഇന്ത്യയുടെ നവോത്ഥാനം, കോഴിക്കോട് സങ്കീർത്തനയുടെ പറന്നുയരാനോരു ചിറക്, സൗപർണ്ണിക തിരുവനന്തപുരത്തിന്റെ മണികർണ്ണിക, അമ്പലപ്പുഴ സാരഥിയുടെ രണ്ട് ദിവസം. അക്ഷര ക്രിയേഷൻസിന്റെ വാണവരുടേയും വീണവരുടേയും ഇടം, കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷൻസിന്റെ ശാന്തം. വടകര കാഴ്ച കമ്മ്യൂണിക്കേഷൻസിന്റെ ശിഷ്ടം എന്നീ നാടകങ്ങളാണ് തെരഞ്ഞെടുത്തത്.

പ്രശസ്ത നാടക പ്രവർത്തകനും തിരക്കഥാകൃത്തുമായ ബെന്നി പി. നായരമ്പലം (ജൂറി ചെയർമാൻ) കരിവെള്ളൂർ മുരളി (അക്കാദമി സെക്രട്ടറി – മെമ്പർ സെക്രട്ടറി) പ്രശസ്ത അഭിനേത്രിയും നാടക പ്രവർത്തകയുമായ സജിത മഠത്തിൽ, നടനും സംവിധായകനുമായ ഷിനിൽ വടകര എന്നിവർ അംഗങ്ങളായ ജൂറിയാണ് നാടകങ്ങൾ തെരഞ്ഞെടുത്തത്. 24 അപേക്ഷകളിൽ നിന്നുമാണ് അവതരണ യോഗ്യമായ പത്ത് നാടകങ്ങൾ മത്സരത്തിലേക്ക് തെരഞ്ഞെടുത്തത്.

2024 മെയ് 25 മുതൽ 29 വരെ അഞ്ചുദിവസങ്ങളിലായി കെ.ടി.മുഹമ്മദ് തിയേറ്ററിൽ നാടക മത്സരം നടക്കും. തെരഞ്ഞെടുക്കപ്പെട്ട പത്ത് നാടകങ്ങൾ ഉൾപ്പെടുത്തിയാണ് നാടകമത്സരം സംഘടിപ്പിക്കുന്നത്. രാവിലെ 10.30 നും വൈകീട്ട് 6 നും ഒരുദിവസം രണ്ടവതരണങ്ങൾ എന്ന ക്രമത്തിലാണ് സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം ഷെഡ്യൂൾ ചെയ്തിരിക്കുന്നത്.

കരിവെള്ളൂർ മുരളി
സെക്രട്ടറി